**പ്രസിദ്ധീകരണത്തിന്**

സുപ്രീംകോടതിയുടെ പരാമർശം കണക്കിലെടുത്ത് ശബരിമലഭരണനിർവഹണത്തിനുവേണ്ടി ഒരു പുതിയ നിയമം കൊണ്ടുവരാൻ സംസ്ഥാനസർക്കാർ ആലോചിക്കുന്നതായി മനസ്സിലാക്കുന്നു. 1949-ൽ തിരുവിതാംകൂർ, കൊച്ചി മഹാരാജാക്കന്മാരും കേന്ദ്രസർക്കാരും തമ്മിൽ ഒപ്പുവച്ച ഉടമ്പടി പ്രകാരമാണ് തിരുവിതാംകൂറിലെയും കൊച്ചിയിലെയും ക്ഷേത്രങ്ങളുടെ ഭരണനിർവഹണത്തിന് ദേവസ്വം ബോർഡുകൾ രൂപീകൃതമായത്. ഈ കവനന്റിന്റെ അടിസ്ഥാനത്തിൽതന്നെയാണ് 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമതസ്ഥാപനനിയമം പുറപ്പെടുവിച്ചിട്ടുള്ളതും. ഈ നിയമം അനുസരിച്ച് ശബരിമല ഉൾപ്പെടെ ഏകദേശം 1250 ഓളം ക്ഷേത്രങ്ങളുടെ ഭരണച്ചുമതല തിരുവിതാംകൂർ ദേവസ്വം ബോർഡിനാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭരണനിർവഹണം നടത്തുന്നത് 1949-ലെ കവനന്റിലെയും, പിന്നീട് 1950-ൽ പുറപ്പെടുവിച്ച ആക്ടിലെയും വ്യവസ്ഥകൾക്കനുസൃതമായി രൂപീകരിക്കപ്പെടുന്ന ബോർഡ് ആണ്. 1950-ലെ ആക്ടിന് പിന്നീട് പല ഭേദഗതികളും വന്നെങ്കിലും കവനന്റിലെ അടിസ്ഥാനതത്ത്വങ്ങളിൽ ഭേദഗതി വരുത്തിയിട്ടില്ല. കവനന്റിൽ പരാമർശിച്ചിട്ടുള്ളതനുസരിച്ചും പിന്നീടുവന്ന ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരവും മൂന്നംഗങ്ങളുള്ള ഭരണസമിതി തന്നെയാണ് ഇപ്പോഴും ദേവസ്വം ബോർഡിന്റെ ഭരണം നിർവഹിക്കുന്നത്. ആക്ടനുസരിച്ച് ശബരിമലക്ഷേത്രത്തിന്റെ പൂർണ്ണ അധികാരവും ദേവസ്വം ബോർഡിനാണ്.

ശബരിമലയിലെ വരുമാനംകൊണ്ടാണ് 1200ഓളം ക്ഷേത്രങ്ങളും ബോർഡിനു കീഴിലുള്ള വളരെയധികം വിദ്യാഭ്യാസസ്ഥാപനങ്ങളും നിലനിന്നുപോകുന്നത്. ക്ഷേത്രജീവനക്കാരും മറ്റു ബോർഡുജീവനക്കാരും ഉൾപ്പെടെ ആറായിരത്തോളം ജീവനക്കാരാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ളത്. ഇവരുടെ ശമ്പളവും പെൻഷനുമെല്ലാം നല്കുന്നത് പ്രധാനമായും ശബരിമലയിൽനിന്നും ലഭിക്കുന്ന വരുമാനത്തിൽ നിന്നാണ്. ചുരുക്കത്തിൽ ശബരിമലയിലെ വരുമാനം കുറഞ്ഞാൽ അത് ദേവസ്വം ബോർഡിന്റെയും ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളുടെയും ദൈനംദിനപ്രവർത്തനങ്ങളെ തകരാറിലാക്കും. കഴിഞ്ഞവർഷം ശബരിമലയിലെ യുവതീപ്രവേശനവും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും അവിടുത്തെ വരുമാനത്തെ സാരമായി ബാധിക്കുകയുണ്ടായി. അതുമൂലം ദേവസ്വം ബോർഡ് കടുത്ത സാമ്പത്തികബുദ്ധിമുട്ടിൽ അകപ്പെടുകയും ചെയ്തു.

സുപ്രീംകോടതിയുടെ പരാമർശത്തിന്റെ പേരിൽ ശബരിമല ഒരു പ്രത്യേക അധികാരകേന്ദ്രത്തിന്റെ കീഴിൽ വരുന്ന രീതിയിൽ ഒരു നിയമം കൊണ്ടുവന്നാൽ ഫലത്തിലത് തിരുവിതാംകൂർ ദേവസ്വം ബോർഡിനെ തകർക്കുന്ന ഒരു നടപടിയായിത്തീരുന്നതാണ്. അതോടൊപ്പം, 1200 ക്ഷേത്രങ്ങളും നശിക്കുന്ന ഒരവസ്ഥയിലെത്തിച്ചേരും. ഇക്കാര്യം, സുപ്രീംകോടതിയെ ബോധ്യപ്പെടുത്തുന്നതിനു പകരം പുതിയ നിയമം കൊണ്ടുവരാൻ ശ്രമിക്കുന്നത് ഒട്ടുംതന്നെ ഭൂഷണമല്ല.

ശബരിമലവികസനത്തിനു വേണ്ടി ഇപ്പോൾത്തന്നെ ഹൈക്കോടതി നിയമിച്ച ഒരു ഹൈപവർകമ്മറ്റി നിലവിലുണ്ട്. ദേവസ്വം ബോർഡും ഹൈപവർകമ്മറ്റിയും യോജിച്ചാണ് മാസ്റ്റർപ്ലാൻ അനുസരിച്ചുള്ള വികസനപ്രവർത്തനങ്ങൾ ശബരിമലയിൽ നടത്തിവരുന്നത്. ഹൈപവർകമ്മറ്റിയുടെ പ്രവർത്തനങ്ങൾ ഹൈക്കോടതി അവലോകനം ചെയ്യാറുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഈ സാഹചര്യത്തിൽ, ശബരിമലവികസനത്തിനുവേണ്ടി ഇനി മറ്റൊരു അതോറിറ്റി രൂപീകരിക്കേണ്ട ആവശ്യമുണ്ടോയെന്ന് സർക്കാർ ചിന്തിക്കണം. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങളും ഹൈപവർ കമ്മറ്റി സംബന്ധിച്ച കാര്യങ്ങളും സർക്കാർ, സുപ്രീംകോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുകയാണ് വേണ്ടത്. മാത്രവുമല്ല, തിരുവിതാംകൂർ-കൊച്ചി മഹാരാജാക്കന്മാരും കേന്ദ്രസർക്കാരും തമ്മിൽ ഒപ്പുവച്ച കവനന്റിലെ ആർട്ടിക്കിൾ 8 അനുസരിച്ചാണ് തിരുവിതാംകൂറിലെ ക്ഷേത്രങ്ങളുടെ ഭരണവും ബോർഡുരൂപീകരണവും എന്ന കാര്യവും സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുണ്ട്. 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമതസ്ഥാപനനിയമത്തിലെ അടിസ്ഥാനവ്യവസ്ഥകൾ മാറ്റുന്നതിനു മുമ്പ് അത് കവനന്റിന് എതിരാണോയെന്നും, കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമല്ലേയെന്നും പരിശോധിക്കേണ്ടതുണ്ട്.

മേല്പറഞ്ഞ കാര്യങ്ങൾ കണക്കിലെടുത്ത് ഇക്കാര്യത്തിൽ വിശദമായ പരിശോധനയും ചർച്ചകളും നടത്തിയശേഷംമാത്രമേ സർക്കാർ ഒരു തീരുമാനം കൈക്കൊള്ളാവൂ. അല്ലെങ്കിൽ അത് സ്വയംഭരണസ്ഥാപനമായ ദേവസ്വം ബോർഡിന്റെയും ബോർഡിന്റെ കീഴിലുള്ള ആയിരക്കണക്കിന് ക്ഷേത്രങ്ങളുടെയും നാശത്തിന് വഴിതെളിക്കുമെന്ന കാര്യവും സർക്കാർ വിസ്മരിക്കരുത്.

പെരുന്ന
26.11.2019

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി